# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 12.01.2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. സമൂഹത്തിലെ അസമത്വം ഇല്ലാതാക്കാനും, പാർശ്വവത്കൃത വിഭാഗങ്ങളുടെ ശാക്തീകരണത്തിനുമായി വിദ്യാഭ്യാസത്തെ ഉപയോഗിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan said education should be used to eliminate inequality in society and to empower marginalised sections.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസുമായി ഗുജറാത്തിൽ ഉന്നതതല കൂടിക്കാഴ്ച നടത്തി. 19 ധാരണാ പത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

   **Prime Minister Narendra Modi held a high-level meeting with German Chancellor Friedrich Merz in Gujarat. India and Germany signed 19 key MoUs.**

3. വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യ് പ്രധാനമന്ത്രി.

   **The Prime Minister will shortly address the valedictory session of the Viksit Bharat Young Leaders Dialogue.**

4. പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് ഈ മാസം 28-ന് തുടക്കം. കേന്ദ്ര ബജറ്റ് ഫെബ്രുവരി ഒന്നിന്.

**The Budget Session of Parliament will begin on the 28th of this month. The Union Budget will be presented on February 1.**

5. കേരളത്തിലെ മൂന്ന് തദ്ദേശ വാർഡുകളിൽ ഇന്ന് നടന്ന വോട്ടെടുപ്പിൽ 69.15 ശതമാനം പോളിങ്.

**Polling of 69.15 per cent was recorded in today's by-elections to three local body wards in Kerala.**

6. സമഗ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി നോട്ടീസ് ലഭിച്ചവർക്ക് രേഖകൾ അപ് ലോഡ് ചെയ്യാൻ സംസ്ഥാനത്ത് ഓൺലൈൻ സംവിധാനം ഒരുങ്ങി

**As part of the comprehensive revision of the electoral rolls, an online system has been made available in the state for those who have received notices to upload documents.**

☸☸☸☸☸☸☸☸☸☸☸☸☸

**Vice President (intro)**

വിദ്യാഭ്യാസത്തെ സമൂഹത്തിലെ അസമത്വം ഇല്ലാതാക്കാനും, പാർശ്വവത്കൃത വിഭാഗങ്ങളുടെ ശാക്തീകരണത്തിനുമായി ഉപയോഗിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ബിരുദദാനച്ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു ഉപരാഷ്ട്രപതി. രാജ്യത്തിൻറെ സാമ്പത്തികവും, സാമൂഹികവും, ശാസ്ത്രപരവുമായ ഉന്നമനത്തിനായി വിദ്യാർത്ഥികൾ പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

(ഹോൾഡ്)

ജെ.എൻ.യു വിലെ പൂർവ്വ വിദ്യാർത്ഥികൾ രാഷ്ട്ര നിർമാണത്തിനായി മഹത്തായ സംഭാവനകൾ നൽകിയവരാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ചടങ്ങിൽ പറഞ്ഞു.

## India-Germany (intro) PM

പ്രധാനമന്ത്രി നരേന്ദ്ര മോദി ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസുമായി ഗുജറാത്തിലെ ഗാന്ധിനഗറിൽ ഇന്ന് ഉന്നതതല കൂടിക്കാഴ്ച നടത്തി. പ്രതിരോധം, വ്യാപാരം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും 19 ധാരണാ പത്രങ്ങളിൽ ഒപ്പുവച്ചു. ഇന്ത്യയും ജർമ്മനിയും സാമ്പത്തിക പങ്കാളികൾ എന്നതിലുപരി ആഗോള സമാധാനത്തിനും സുസ്ഥിരതയ്ക്കും പ്രതിജ്ഞാബദ്ധമായ രണ്ട് രാജ്യങ്ങളാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വ്യാപാരം 50 ബില്യൺ ഡോളർ കവിഞ്ഞതായും ശ്രീ മോദി വ്യക്തമാക്കി. ഹരിത ഊർജ്ജം, നൂതന സാങ്കേതികവിദ്യ, ഭീകരതയ്ക്ക് എതിരായ പോരാട്ടം എന്നിവയിൽ ഇന്ത്യയും ജർമനിയും ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.
(ഹോൾഡ്)
ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമാക്കുന്നതിലെ പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു. ഇന്ത്യയിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകർ, ഐ.റ്റി, എഞ്ചിനീയറിങ്ങ് പ്രൊഫഷണലുകൾ തുടങ്ങിയവർക്ക് ജർമനിയിൽ കൂടുതൽ തൊഴിൽ അവസരം ലഭ്യമാക്കുന്നത് സംബന്ധിച്ച ചർച്ചകളും നടന്നു. യുക്രൈനിലെയും ഇറാനിലെയും നിലവിലെ സാഹചര്യം, യുഎൻ രക്ഷാസമിതി പരിഷ്കരണം തുടങ്ങിയ വിഷയങ്ങളും നേതാക്കൾക്കിടയിൽ ചർച്ചയായി.

## Vikram Misri

ജർമൻ ചാൻസലറുടെ ഇന്ത്യ സന്ദർശനം ഇരു രാജ്യങ്ങൾക്കുമിടയിലെ പ്രതിരോധ, വ്യാപാര ബന്ധങ്ങൾ കൂടുതൽ

ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി അറിയിച്ചു. ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് ജർമനി വഴി വിസ രഹിത യാത്ര അനുവദിക്കുന്നതിനും, ഇന്ത്യയിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകരുടെ റിക്രൂട്ട്മെൻറിനായി പ്രത്യേക സംവിധാനം ആരംഭിക്കുന്നതിനും തീരുമാനമായതായി അദ്ദേഹം അറിയിച്ചു. ഹരിത സംരംഭങ്ങൾക്കായി 1.25 ബില്യൺ യൂറോയുടെ സാമ്പത്തിക പിന്തുണ ജർമനി പ്രഖ്യാപിച്ചതായും അദ്ദേഹം പറഞ്ഞു.

## PM-VBYLD 2026

രാഷ്ട്രനിർമാണത്തിൽ യുവശക്തിയ്ക്ക് വളരെയധികം പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിൻറെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി . നൂതനാശയങ്ങളും, ഊർജ്ജവും, ലക്ഷ്യബോധവും യുവജനങ്ങളെ രാഷ്ട്ര നിർമാണത്തിൻറെ മുൻനിരയിലേക്ക് നയിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ചടങ്ങ് പുരോഗമിക്കുകയാണ്. യങ് ലീഡേഴ്സ് ഡയലോഗിൻറെ ഭാഗമായി ന്യൂഡൽഹിയിൽ ഒരുക്കിയ പ്രദർശനം വീക്ഷിച്ച പ്രധാനമന്ത്രി പരിപാടിയിൽ പങ്കെടുക്കുന്ന യുവജനങ്ങളുമായി സംവദിച്ചു. ഇന്ത്യയുടെ വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച് യുവജനങ്ങൾ തയ്യാറാക്കിയ ഉപന്യാസങ്ങളുടെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. കേരളത്തിൽ നിന്നുള്ള അറുപതോളം യുവ പ്രതിനിധികളടക്കം മൂവായിരത്തോളം പേരാണ് വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിൽ പങ്കെടുക്കുന്നത്.

## PM-VIVEKANAND

ഇന്ന് ദേശീയ യുവജന ദിനം. ആത്മീയ നേതാവും തത്ത്വചിന്തകനുമായ സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് എല്ലാ വർഷവും ജനുവരി 12 ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി

തുടങ്ങിയവർ സ്വാമി വിവേകാനന്ദന് ആദരാഞ്ജലികൾ അർപ്പിച്ചു. ഉൾക്കരുത്തും, മാനവ സേവനവുമാണ് അർത്ഥപൂർണമായ ജീവിതത്തിൻറെ അടിസ്ഥാനമെന്ന് സ്വാമി വിവേകാനന്ദൻ വിശ്വസിച്ചിരുന്നതായി രാഷ്ട്രപതി അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു. രാജ്യത്തെ യുവജനങ്ങൾക്ക് അദ്ദേഹം ഇന്നും ശക്തമായ പ്രചോദനം പകരുന്നതായി പ്രധാനമന്ത്രി അനുസ്മരിച്ചു.

## PARLIAMENT

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക . ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ജനുവരി

29-ന് പാർലമെന്റിൽ സമർപ്പിക്കും. 28 മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് സമ്മേളനം.

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

## LSG ELECTION

സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ച മൂന്ന് തദ്ദേശ വാർഡുകളിലേക്ക്

ഇന്ന് വോട്ടെടുപ്പ് നടന്നു. ഇതുവരെയുള്ള കണക്കുകൾ പ്രകാരം 69.15 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞത്ത് 66.97 ശതമാനവും, മലപ്പുറം മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പായിമ്പാടം വാർഡിൽ 84.21 ഉം, എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂറിൽ 81.57 ശതമാനവുമാണ്
നിലവിലെ പോളിംഗ്. വോട്ടെണ്ണൽ നാളെ രാവിലെ 10 ന് നടക്കും.

## SIR

സംസ്ഥാനത്ത് സമഗ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി നോട്ടീസ് ലഭിച്ചവർക്ക് രേഖകൾ അപ് ലോഡ് ചെയ്യാൻ ഓൺലൈൻ സംവിധാനം ഒരുങ്ങി. voters.eci.gov.in വെബ്സൈറ്റ് ലിങ്കിൽ പ്രവേശിക്കുമ്പോൾ SUBMIT DOCUMENT AGANIST NOTICE ISSUED എന്ന ബട്ടണിലാണ് ക്ലിക്ക് ചെയ്യേണ്ടത്. മൊബൈൽ നമ്പറോ വോട്ടർ തിരിച്ചറിയൽ കാർഡ് നമ്പറോ നൽകിയാൽ OTP ലഭിക്കും. ഇത് ഉപയോഗിച്ച് ലോഗിൻ ചെയ്ത് രേഖകൾ സമർപ്പിക്കാം. ഈ രേഖകൾ പരിശോധിച്ച ശേഷമാകും ഹിയറിങ്ങിന് വിളിക്കണോ വേണ്ടയോ എന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തീരുമാനിക്കുന്നത്.

## SABARIMALA

മകരവിളക്ക് മഹോത്സവത്തിന് ഒരുങ്ങി ശബരിമല സന്നിധാനം. അയ്യപ്പവിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര പന്തളം വലിയകോയിക്കൽ ശ്രീധർമ്മ ശാസ്താക്ഷേത്രത്തിൽ നിന്ന് ഇന്ന് പുറപ്പെട്ടു. മറ്റന്നാളാണ് മകരവിളക്ക്.

## PM-PRAGATI SPECIAL STORY

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50 അവലോകന യോഗങ്ങൾ

പൂർത്തിയാക്കി സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഈ സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ് ബീഹാറിലെ പട്നയിൽ ഗംഗാ നദിക്ക് കുറുകെ നിർമിച്ചിരിക്കുന്ന ജെ.പി സേതു റെയിൽ കം റോഡ് ബ്രിഡ്ജ്. 2001 നവംബറിൽ മൂവായിരത്തി 774 കോടി രൂപ ചെലവിൽ അനുവദിച്ച പദ്ധതി ഭൂമി സംബന്ധമായ തടസ്സങ്ങൾ, കൈയേറ്റങ്ങൾ, പുനരധിവാസം, തുടങ്ങിയ വെല്ലുവിളികൾ മൂലം വളരെയധികം കാലതാമസം നേരിട്ടു. 2015 മാർച്ച് 25 ന് പ്രഗതി യോഗത്തിൽ പ്രധാനമന്ത്രി പദ്ധതി അവലോകനം ചെയ്യുകയും ഭൂമി റെയിൽവേയ്ക്ക് കൈമാറി നഷ്ടപരിഹാരം വിതരണം വേഗത്തിലാക്കാൻ നിർദേശിക്കുകയും ചെയ്തു. 2022 മാർച്ച് 4 ന് പദ്ധതി പൂർത്തിയായത് പ്രഗതി സംരംഭത്തിൻറെ വിജയഗാഥകളിലൊന്നാണ്.

## Commonwealth Conference

കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിങ്ങ് ഓഫീസർമാരുടെയും 28 മത് സമ്മേളനം ന്യൂഡൽഹിയിൽ മറ്റന്നാൾ നടക്കും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ 60 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 15 ന് സമ്മേളനം ഉദ്ഘാടനം ചെയ്യുമെന്ന് ലോക്സഭ സ്പീക്കർ ഓം ബിർള അറിയിച്ചു.